(സി) പാസഞ്ചർ ഇതര വാഹനങ്ങളിൽ ടാങ്കർ ട്രക്ക് എന്നിവ ഓടിക്കുന്ന ഡ്രൈവർമാർക്ക് നിലവിലുള്ള അധികബത്തകൾ ചുവടെ ചേർക്കുന്നു: സ്പെഷ്യൽ അലവൻസ് - 100 രൂപ, കിലോ മീറ്റർ അലവൻസ് - 27 പൈസ/കി.മീ. നൈറ്റ് അലവൻസ് ആദ്യത്തെ നാലു മണിക്കൂറിന് 25 രൂപയും അടുത്ത നാലു മണിക്കൂറിന് 60 രൂപയും 16 മണിക്കൂർ കഴിഞ്ഞ് അധികമായി വരുന്ന ഓരോ മണിക്കൂറിനും 43.75 രൂപ.

(ഡി) മോട്ടോർ വാഹന നിയമത്തിലെ റൂൾ 8 അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ റൂൾ 9 അനുസരിച്ച് അപകട സാദ്ധ്യതയുള്ള സാധനങ്ങൾ വഹിക്കുന്ന ടാങ്കർ ട്രക്ക് ഓടിക്കുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. 45 വയസ്സിനു താഴെ പ്രായമുള്ളവരായിക്കേണ്ടതും 240 ഡ്യൂട്ടി തികഞ്ഞ സമിരം കെ.എസ്.ആർ.ടി.സി. ജീവനക്കാരനായിരിക്കേണ്ടതുമാണ്. അപകട സാധ്യതയുള്ള സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ ഓടിക്കുന്നതിന് സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനത്തിൽനിന്നും 3 ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു എന്നതിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

(ഇ) എട്ടു മണിക്കൂർ ഡ്യൂട്ടിക്കിടയിൽ 6 1/2 മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടി എന്നതാണ്. സ്റ്റാഫ് കാർ ഓടിക്കുന്ന ഡ്രൈവർമാർക്ക് ഒരു കലണ്ടർ ദിനത്തിൽ രണ്ട് ഡ്യൂട്ടി മാത്രമേ ലഭിക്കുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയ പുതിയ ബസുകൾ

318 (320) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകളാണ് കെ.എസ്.ആർ.ടി.സി. പുറത്തിറക്കിയത് ; വർഷം തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് പുതുതായി ബസുകൾ നൽകിയത് ; ഡിപ്പോ, ബസുകളുടെ എണ്ണം, തീയതി എന്നിവ തിരിച്ച കണക്കുകൾ നൽകാമോ ;

(സി) കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് ഈ കാലയളവിൽ മറ്റ് ഡിപ്പോകളിൽനിന്നും എത്ര പഴയ ബസുകൾ നൽകിയെന്ന് ഡിപ്പോ, എണ്ണം, കാലപ്പഴക്കം എന്നിവ തിരിച്ച കണക്കുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 108 JnNURM ബസുകൾ ഉൾപ്പെട 1153 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

2011	(JnNURM - 71 ഉൾപ്പെടെ)-	186
2012	(JnNURM -29 ഉൾപ്പെടെ) -	570
2013	(JnNURM-8 ഉൾപ്പെടെ) -	364
2014-ൽ	-	33
	ആകെ	1153

(ബി) ഡിപ്പോ തിരിച്ചുള്ള എണ്ണം അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം II* ആയി ചേർത്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. വകപ്പ് വാഹനങ്ങൾ കർട്ടൻ ഉപയോഗിച്ചുള്ള യാത്ര

319 (321) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഭവനിലെ പാസഞ്ചർ ഇതര വാഹനങ്ങളിൽ സുപ്രീം കോടതി വിധി മറികടന്ന് ഗ്ലാസ്സുകൾ മറയ്ക്കുന്നതിന് കർട്ടൻ ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ പൊതുജനങ്ങളെ നിയമത്തിന് വിധേയരാക്കുകയും പ്രസ്തുത വിഭാഗക്കാർ സ്വമേധയാ ഇളവെടുക്കുകയും ചെയ്യുന്നത് നീതിയുക്തമാണോ ;

(സി) ഇല്ലെങ്കിൽ ഇത്തരം നിയമലംഘനം അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഭവനിലെ പാസഞ്ചർ ഇതര വാഹനങ്ങളിൽ സുപ്രീം കോടതി വിധി മറികടന്ന് ഗ്ലാസുകൾ മറയ്ക്കുന്നതിന് കർട്ടൻ ഉപയോഗിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.